പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4583 — 23 .07. 2015 ൽ മറുപടിക്ക്

## എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ
„ എ.പി.അബ്ദുള്ളക്കുട്ടി
„ കെ. മുരളീധരൻ
„ ആർ. സെൽവരാജ്

**ഉത്തരം**

ശ്രീ ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് എനർജി മാനേജ്മെന്റ് സെന്ററിന് അവാർഡുകൾ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം അവാർഡുകളാണ് ലഭിച്ചത്; | (ബി) | 1) ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് 2012 -2nd ബെസ്റ്റ് പെർഫോമിങ്ങ് SDA (സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി)<br>2) ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് 2013 -2nd ബെസ്റ്റ് പെർഫോമിങ്ങ് SDA<br>3) എനർജി എഫിഷ്യൻസി, കൺസർവേഷൻ ഡിമാന്റ് സൈഡ് മാനേജ്മെന്റ് വിഭാഗത്തിൽ ഇന്ത്യ പവ്വർ അവാർഡ് 2014,<br>4) ദേശീയ ഊർജ്ജസംരക്ഷണ അവാർഡ് 2014 – ഒന്നാം സ്ഥാനം. |
| (സി) | എനർജി മാനേജ്മെന്റ് സെന്ററിന്റെ എന്തെല്ലാം പ്രവർത്തനങ്ങളാണ് അവാർഡുകൾ ലഭിക്കുവാൻ കാരണമായതെന്നറിയിക്കുമോ? | (സി) | 1) വിവിധ മാധ്യമങ്ങളിലൂടെ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തിനടത്തിയ ഊർജ്ജസംരക്ഷണ ബോധവത്ക്കരണ പരിപാടികൾ<br>2) ഊർജ്ജ കാര്യക്ഷമത പ്രോജക്ടുകൾ (LED Street light, Bachat Lamp Yojana etc)<br>3) വിവിധ കാലഘട്ടങ്ങളിൽ ഊർജ്ജ സംരക്ഷണത്തിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള(HT/EHT ഉപഭോക്താക്കാൾക്ക് നിർബന്ധിത എനർജി ഓഡിറ്റിങ്ങ് ഉൾപ്പെടെയുള്ളവ) പ്രവർത്തനങ്ങൾ<br>4) വ്യവസായ മേഖലയിൽ ഊർജ്ജകാര്യക്ഷമത/ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ<br>5) സ്കൂൾ കുട്ടികൾക്കിടയിൽ സ്മാർട്ട് എനർജി പ്രോഗ്രാം/നാളേക്കിത്തിരി ഊർജ്ജം എന്ന പേരിൽ ക്ലബ്ബുകൾ രൂപീകരിച്ചുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ. |

| | | | |
|---|---|---|---|
| | | | 6) ഊർജ്ജക്ലിനിക്ക് എന്ന പേരിൽ പരിശീലനം ലഭിച്ച വനിതാ വാളണ്ടിയർമാർ വഴി വീട്ടമ്മമാർക്കുള്ള ഊർജ്ജസംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങൾ.<br>7) ഊർജ്ജകാര്യക്ഷമത കൂടിയ തെരുവ് വിളക്കുകൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും ഓരോന്നിലും 45W ന്റെ 100 എൽ.ഇ.ഡി ലൈറ്റുകൾ നൽകി ഊർജ്ജ സംരക്ഷണത്തിൽ പങ്കാളിയാക്കി.<br>8) എൽ.ഇ.ഡി ഗ്രാമം പരിപാടി. കേരളത്തിലെ സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി തെരെഞ്ഞെടുത്ത 6 സർക്കാർ സ്ഥാപനങ്ങളിൽ ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി ലൈറ്റുകളും, സ്റ്റാർ റേറ്റഡ് ഫാനുകളും, എയർകണ്ടീഷനറുകളും, റ്റി 5 ന്റെ ട്യൂബ് ലൈറ്റുകളും നൽകി.<br>9) ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടികളിൽ നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കി |

സെക്ഷൻ ഓഫീസർ